# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 367 — 25.06.2014-ൽ മറുപടിക്ക്

## പട്ടികജാതിക്കാരുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.എ. മാധവൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. എ.പി. അബ്ദുള്ളകുട്ടി**<br>**ശ്രീ. ഐ.സി. ബാല്കൃഷ്ണൻ** | **ശ്രീ. എ.പി. അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പട്ടികജാതിക്കാരുടെ ജീവിത നിലവാരം സംബന്ധിച്ച് വിശദമായ സർവ്വേയും പഠനവും നടത്തുന്നത് പരിഗണിക്കുമോ ; | എ) 2009-10 ൽ 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) യുടെ സഹായ ത്തോടെ പഠനം നടത്തിയിട്ടുണ്ട്. |
| ബി) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി വിഭാഗക്കാരുടെ വിശദമായ ലിസ്റ്റു തയ്യാറാക്കുന്നതിനും ഇവർക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നത് പരിഗണിക്കുമോ ; | ബി) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാരുടെ വിവരങ്ങൾ 2009-10 ൽ 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) യുടെ സഹായത്തോടെ പഠനം നടത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും സ്വന്തമായി ഭൂമിയുള്ള പട്ടികജാതിക്കാർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്ന ഭൂരഹിത, ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br>കൂടാതെ, വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ റൂം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന 'ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം' എന്ന പുതിയ പദ്ധതി 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ടോയ്ലറ്റ്, കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. തിരഞ്ഞെടുത്ത കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയും നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിനും പട്ടികജാതി വകുപ്പിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; | സി) പരിശോധിക്കുന്നതാണ് |
| ഡി) പട്ടികജാതി വിഭാഗക്കാരുടെ എത്ര ലക്ഷം രൂപവരെയുള്ള വായ്പ കുടിശ്ശികകളാണ് എഴുതിതള്ളുന്നതെന്ന് അറിയിക്കാമോ ; ഇതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് 10.12.2013-ലെ സ.ഉ. (അച്ചടി) 99/2013/പജപവവിവ നമ്പർ ഉത്തരവു പ്രകാരം തീരുമാനിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ ഉൾക്കൊള്ളുന്ന 12.11.2009-ലെ സ.ഉ.(അച്ചടി) 100/2009/പജപവവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.<br><br>കൂടാതെ പട്ടികജാതി വിഭാഗക്കാർ സഹകരണ ബാങ്കുകൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നു എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- (ഒരു ലക്ഷം) രൂപവരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്. |
| ഇ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യ പരിഗണിക്കുമോ | ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

S-367

DIRECTOR

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി/ പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ വായ്പ എഴുതിതള്ളൽ പദ്ധതി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു. 29140

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ (അച്ചടി) 100/2009/പജ.പവ.വിവ. തീയതി, തിരുവനന്തപുരം, 12/11/2009

## ഉത്തരവ്

കേരള സംസ്ഥാനത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾ എഴുതി തള്ളുമെന്ന് 2009-10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നു. അതു പ്രകാരം ടി. ജനവിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പകളിൽ 25,000/- രൂപവരെയുള്ളത് പലിശയും പിഴപലിശയും ഉൾപ്പെടെ എഴുതി തള്ളുമെന്നും അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും പിഴ പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്നും കൂടി ധനകാര്യ മന്ത്രി പ്രഖ്യാപിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

1. 31/03/2006-ൽ തിരിച്ചടവു കാലാവധി കഴിഞ്ഞ 25,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും സ്ഥാപനങ്ങൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുകയുണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയായിരിക്കും.
2. 25,000/- രൂപയ്ക്ക് മുകളിലുള്ളതും, കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കു നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പിഴ പലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കും. (മാതൃക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.)
3. വായ്പക്കാരന്റെ വാർഷികവരുമാന പരിധി 1.50 ലക്ഷം രൂപയായിരിക്കും.
4. 31/03/2009 വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ട പരിഹാരത്തിന് കണക്കാക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട് തീർപ്പാക്കുന്ന വായ്പകളിൽ 1-4-2009-ന് ശേഷം പലിശയോ പിഴ പലിശയോ ഈടാക്കാവുന്നതല്ല.
5. ഇതുമൂലമുണ്ടാകുന്ന നഷ്ടപരിഹാരം മൂന്ന് വർഷംകൊണ്ട് സർക്കാരിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.
6. ഒരു ഗുണഭോക്താവിന്റെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിക്കപ്പെടുകയുള്ളു.
7. വായ്പക്കാരൻ വായ്പ എടുത്ത സമയത്ത് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എന്നിവ ഹാജരാക്കിയിട്ടില്ലാത്ത പക്ഷം അവ ഹാജരാക്കേണ്ടതാണ്.

(തുടർച്ച...2)

S-367

2

(3) അനുബന്ധം 2 ആയി വെച്ചിരിക്കുന്ന പട്ടിക അനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും
ായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിച്ച് പട്ടികജാതി വിഭാഗങ്ങളുടെ
ശദാംശങ്ങളും പരിവർത്തിത ക്രൈസ്തവരുടെ വിശദാംശങ്ങളും പട്ടികജാതി വികസന വകുപ്പ്
യറക്ടർ മുഖേനയും പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ്
യറക്ടർ മുഖേനയും 31/01/2010-ന് മുമ്പായി സർക്കാരിൽ സമർപ്പിക്കുവാനും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പോൾ ആൻറണി
പ്രിൻസിപ്പൽ സെക്രട്ടറി

ാ വകുപ്പു മേധാവികൾക്കും. (ഡയറക്ടർ പഞ്ചാ: വിവ: കിഴ)
ിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം.
ാജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, തൃശൂർ
ാജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന
ോർപ്പറേഷൻ, കോട്ടയം.
ാക്ടർ, ഇൻഫർമേഷൻ ആൻ്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
[illegible] (എ & ഇ), കേരളം, തിരുവനന്തപുരം.
ുകരണ (എസ്.സി) വകുപ്പ്.
ട്ടറിയേറ്റിലെ എല്ലാവകുപ്പുകൾക്കും (നിയമ/ധനകാര്യ വകുപ്പുകൾ ഉൾപ്പെടെ).
ൽ ഫയൽ/ഓഫീസ് കോപ്പി

പ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എല്ലാ വകുപ്പു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ജോയിൻറ് സെക്രട്ടറിക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.